(ബി) ഇതേപ്പറ്റി എന്തെങ്കിലും നിവേദനം ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ ?

ഉത്തരം.

(എ) ഈ സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്ന കാര്യം ആലോചിക്കാം.

(ബി) ഇല്ലാ.

UNSTARRED QUESTIONS POSTED FOR ANSWER ON 19-4-1955

കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവു്.

355. [3] ശ്രീ. പി. ആർ. മാധവൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേരം, കപ്പ, പുൽതൈലം, കുരുമുളക്, അടയ്ക്കാ, കശുഅണ്ടി, നെല്ലു് തുടങ്ങിയ കാർഷികോൽപ്പന്നങ്ങളുടെ വിലനിരക്കു് 1950, 51, 52, 53, 54, 55 ആണ്ടുകളിൽ എന്തു്;

(ബി) മേൽപ്പറഞ്ഞ ഉൽപ്പന്നങ്ങളുടെ മൊത്തമായ ഉൽപ്പാദനം മേൽപ്പറഞ്ഞ വർഷങ്ങളിലെന്തു് ;

(സി) വിലയിടിവുമൂലം കൃഷിക്കാരന്റെ വരുമാനത്തിൽ ഉണ്ടായിട്ടുള്ള കുറവു് മേൽപ്പറഞ്ഞ ഓരോ വർഷത്തിലുമെന്തു്;

(ഡി) വരുമാനത്തിലുണ്ടായ മേൽപ്പറഞ്ഞ കുറവു് പരിഹരിക്കാൻ ഗവണ്മെൻറ എന്തു നടപടി എടുത്തു?

ഉത്തരം.

(എ) വിവരങ്ങൾ ശേഖരിച്ചിട്ടില്ല.

(ബി) ,,

(സി) ,,

(ഡി) ചോദ്യം ഉദിക്കുന്നില്ലാ.

Taxation Acts.

356. [6] **Shri V. V. Sebastian :** Will the Chief Minister be pleased to state :

(*a*) what is the number of appeals and revision petitions under (i) the Sales Tax Act, and (ii) the Agricultural Income Tax Act pending before the various appellate and revisional authorities in the State at the beginning of the financial year 1953-54 ;

(*b*) the number of such appeals and revision petitions filed during the year ; and

(*c*) the number of such appeals and revision petitions disposed of during the year?

LIBRARY ARCHIVES Kerala Legislative Assembly

Answer.

(*a*) 1. 2202.
2. 892.

(*b*) Under the Sales Tax Act—4885.
Under the Agricultural Income Tax Act—1234.

(*c*) Under the Sales Tax Act—4316.
Under the Agricultural Income Tax Act—680.

പഞ്ചായത്തുകൾ.

357. [10] ശ്രീ. സി. സി. അയ്യപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് പുതിയ പഞ്ചായത്തുകൾ സ്ഥാപിതമായതിനുശേഷം ഇതുവരെ എത്ര രൂപ നികുതിയായി പിരിച്ചെടുത്തിട്ടുണ്ടു്;

(ബി) എത്ര രൂപഗവണ്മെൻറിൽ നിന്നും കൊടുത്തിട്ടുണ്ടു്;

(സി) എല്ലാ പഞ്ചായത്തുകളിലുംകൂടി ആകെ എത്ര രൂപ ചെലവാക്കിയിട്ടുണ്ടു്;

(ഡി) അതിനു തലപ്പള്ളിതാലൂക്കിൽ എത്ര ?

ഉത്തരം.

(എ) ഇതുവരെ ലഭിച്ച കണക്കുകൾ അനുസരിച്ചു് 5,36,530 രൂപ 1 അണ 1 പൈസ നികുതിയായി പിരിച്ചിട്ടുണ്ടു്. എല്ലാ പഞ്ചായത്തുകളിൽ നിന്നും വിവരങ്ങൾ ലഭിച്ചിട്ടില്ല.

(ബി) ആകെ 9,09,215 രൂപ വിവിധ ഗ്രാൻറുകളിലായി പഞ്ചായത്തുകൾക്കു് നൽകിട്ടുണ്ടു്.

(സി) എല്ലാ പഞ്ചായത്തുകളിലും കൂടി ഗവണ്മെൻറു് 9,09,215 രൂപ ചെലവാക്കീട്ടുണ്ടു്. തൃശ്ശൂർ ഡിസ്ട്രിക്ടിലെ 133 പഞ്ചായത്തുകൾ 2/55 അവസാനം വരെ 1,14,828–9–4 ചെലവാക്കീട്ടുണ്ടു്. മറു പഞ്ചായത്തുകൾ ചെലവാക്കിയ തുകകളെപ്പറ്റിയുള്ള വിശദ വിവരങ്ങൾ ശേഖരിച്ചു വരികയാണു്.

(ഡി) തലപ്പള്ളിതാലൂക്കിലെ പഞ്ചായത്തുകൾക്കു് ഗവണ്മെൻറു് ഗ്രാൻറിനത്തിൽ 26,954 രൂപ നൽകിയിട്ടുണ്ടു്. ഈ താലൂക്കിലെ പഞ്ചായത്തുകൾ രൂപ 5658–3–6, 2/55 അവസാനം വരെ ചെലവാക്കീട്ടുണ്ടു്.

പൊന്നംവില.

358. [11] ശ്രീ. ടി. പി. സീതാരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊലീസ്വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുകുന്ദപുരം താലൂക്കു് കല്ലൂർ വില്ലേജിൽ കേളീതോടിൻറെ ആവശ്യത്തിനു് എടുത്തിട്ടുള്ള ഭൂമിയുടെ കൈവശക്കാർക്കു് പൊന്നംവില കൊടുത്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ താമസത്തിനു കാരണമെന്തു് ?

LIBRARY ARCHIVES Kerala Legislative Assembly